From

എൻ. രാധാകൃഷ്ണൻ,
സീനിയർ സൂപ്രണ്ട്,
ജില്ലാ സാമൂഹ്യ നീതി ഓഫീസ്,
പൂജപ്പുര, തിരുവനന്തപുരം.

To

ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷ്ണർ,
സംസ്ഥാന വിവരാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

സർ,

**വിഷയം:-** ശ്രീ. വി. പ്രസാദ്, അശ്വതി, മലമേക്കരയുടെ അപ്പീൽ ഹർജി- വിശദീകരണം നൽകുന്നത് സംബന്ധിച്ച്.

**സൂചന:-** (1) അപ്പീൽ ഹർജി AP No. 2625(1)2014/SIC

(2) കമ്മീഷൻ ഫയൽ No. 16085/SIC Gen 4/2014.

(3)വിവരാവകാശ കമ്മീഷന്റെ 24-3-2017-ലെ No. 16085/Gen 4/2014 എന്ന കത്ത്

**<u>സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം</u>**

മേൽ സൂചനകളിലേക്ക് ബഹു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ മഹനീയ ശ്രദ്ധക്ഷണിക്കുന്നു. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷന്റെ സീനിയർ സൂപ്രണ്ടായി ഞാൻ 30-10-2013-ന് ചാർജ്ജ് എടുക്കുകയുണ്ടായി. ഞാൻ സീനിയർ സൂപ്രണ്ടിന്റെ പദവി വഹിക്കവേയാണ് ശ്രീ. പ്രസാദ്, അശ്വതി, മലമേക്കര, അടൂർ പി.ഒ., യുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ 19-5-2014-ന് ഈ കാര്യാലയത്തിൽ ലഭ്യമാക്കുകയും E8-സെക്ഷനിലെ സെക്ഷൻ ക്ലാർക്ക് അപേക്ഷ ഒപ്പിട്ടെടുക്കുകയും 5-6-2014-ന് ലഭ്യമായ വിവരങ്ങൾ അപേക്ഷകന് നൽകാവുന്നതാണെന്ന കുറിപ്പോടെ SPIO ആയ എനിക്ക് ഫയൽ സമർപ്പിക്കുകയും ചെയ്തു.

| | |
|---|---|
| OA No. (EKM) 4/2013<br>OA No. 1969/2012 | ടി വ്യവഹാരവുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റ് ഫാക്സ് കോടതിയിൽ നേരിട്ട് സമർപ്പിച്ചിട്ടില്ല. |
| OA No. 2277/2012 | വിവരം ലഭ്യമല്ല |

മേൽപ്പറഞ്ഞപ്രകാരമുള്ള മറുപടിയെഴുതി സെക്ഷൻ ക്ലാർക്ക് ഫയൽ സമർപ്പിക്കുകയുണ്ടായി. ഞാൻ ബന്ധപ്പെട്ട നോട്ട് ഫയലിന്റെ രണ്ടാം ഖണ്ഡികയിൽ ക്രമ നമ്പർ 1, 2 ചോദ്യങ്ങൾക്കുള്ള മറുപടി അംഗീകരിച്ചു എന്നും ക്രമ നമ്പർ 3-ലെ ഫയൽ ഏതു സെക്ഷനിൽ കൈകാര്യം ചെയ്യുന്നു എന്ന് ഫയൽ സർക്കുലേറ്റ് ചെയ്ത് അപേക്ഷകന് വിവരം ലഭ്യമാക്കാൻ കഴിയുമെങ്കിൽ ആയത് നൽകുവാൻ നിർദ്ദേശിച്ചും, വിഷയം ഒ.പി. ആയതിനാൽ സർക്കാരിൽ വിവരം ലഭ്യമാണെങ്കിൽ ആയത് അപേക്ഷകന് നൽകുന്നതിന് സർക്കാരിന് കത്ത് നൽകാനും നിർദ്ദേശിച്ചും ഫയൽ മടക്കി നൽകുകയുണ്ടായി. 7-6-2014-ന് E9 സീറ്റിന് മാത്രം ഫയൽ

സർക്കുലേറ്റ് ചെയ്തശേഷം ഫയൽ സർക്കാരിന് നൽകാനുള്ള കത്തും അപേക്ഷകനുള്ള മറുപടി യുമായി ഫയൽ തിരികെ ലഭിക്കുകയും ഞാൻ ആയത് അംഗീകരിക്കുകയും ചെയ്തു.

വിവരാവകാശ പ്രകാരമുള്ള ചോദ്യത്തിന് സമയ പരിധിപാലിച്ച് മറുപടി നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ OA No. 2277/2012 നമ്പർ ഫയൽ ഞാൻ നേരിട്ട് കൈകാര്യം ചെയ്തിട്ടി ല്ലാത്തതിനാലും 2012-ൽ സെക്ഷന്റെ ചുമതല ഉണ്ടായിരുന്ന സീനിയർ സൂപ്രണ്ട് സർവ്വീസിൽ നിന്നും വിരമിച്ചതിനാലും അനൗദ്യോഗികമായി ചർച്ച ചെയ്ത് വിവരം ശേഖരിക്കുന്നതിന് കഴിഞ്ഞില്ല.

അപേക്ഷയിലെ 2-ാം ഖണ്ഡികയിലെ SPIO യുടെ നിർദ്ദേശത്തിൽ നിന്നും തന്നെ അപേക്ഷ കന് ആവശ്യമായ വിവരം നൽകുന്നതിന് എല്ലാ ശ്രമവും നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. കോടതി വ്യവഹാരമായതിനാൽ ഡയറക്ടർ റെസ്പോഡന്റ് അല്ലാത്ത വിഷയമാണെങ്കിൽ ആയത് ഗവ. സെക്രട്ടേറിയറ്റിൽനിന്ന് നൽകുന്നതിന് അപേക്ഷയുടെ ഒരു പകർപ്പ് ഗവ. സെക്രട്ടേറിയറ്റിലെ SPIO ക്കും നൽകിയിരുന്നു.

ഇതിനിടെ അപേക്ഷകൻ നൽകിയ അപ്പീൽ അപേക്ഷയിൽ അപ്പീൽ അധികാരിയായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഈ വിഷയം E7 സീറ്റിൽ ലഭ്യമാണെന്ന് ഓർമ്മിച്ചെടുക്കുകയും അപേക്ഷകനായ ശ്രീ. പ്രസാദിന് എന്റെ കൂടി അറിവോടുകൂടി വിവരം നൽകുകയും ചെയ്തിട്ടുള്ള താണ്. ഇവിടെ ഈ വിവരം ലഭ്യമല്ലെന്ന് ഫയലിൽ സൂക്ഷിക്കുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ബോധിപ്പിച്ചിരിക്കെ മറ്റുള്ളവരോട് ഫയൽ അവർ കൈകാര്യം ചെയ്യുന്നുണ്ടോ എന്ന് പരിശോധി ക്കാൻ ആരാഞ്ഞ് ഫയൽ മടക്കി നൽകുകയും, തുടർന്ന് ലഭ്യമാകാൻ സാദ്ധ്യമായ ഓഫീസിന് അപേക്ഷ സർക്കുലേറ്റ് ചെയ്തും ഒരിക്കൽകൂടി എന്റെ ചുമതല ഞാൻ നിർവ്വഹിച്ചിട്ടുണ്ടെന്ന് വിനയപൂർവ്വം ബോധ്യപ്പെടുത്തുന്നു. (നോട്ട് ഫയലിന്റെ 1 മുതൽ 4 വരെ ഖണ്ഡികകൾ കണ്ടാലും)

വിവരം ശേഖരിച്ചുനൽകുന്നതിൽ സെക്ഷന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച ജോലി ത്തിരക്കുമൂലം യഥാസമയം കണ്ടെത്താൻ കഴിയാതെ വന്നതിൽ ഖേദിക്കുന്നു. പ്രസ്തുത കാലയ ളവിൽ ഇ സെക്ഷനിൽ (E1 to E13 വരെ) ആകെ 13 ക്ലാർക്കുമാർ ജോലി നോക്കുന്നുണ്ടായിരുന്നു.

വിവരാവകാശ കമ്മീഷനോടും, വിവരാവകാശ നിയമത്തോടും തികഞ്ഞ ആദരവ് പുലർത്തുന്ന ഒരു ജീവനക്കാരനാണ് ഞാൻ. നീതി നിഷേധിക്കെപ്പെടുന്ന ഏതൊരു വിഷയത്തിലും പണച്ചിലവില്ലാതെ സാധാരണക്കാരന് അഭയം പ്രാപിക്കാവുന്ന ഒരു നിയമവും സാധാരണക്കാരന് അവലംബിക്കാവുന്ന ശക്തമായ ഒരു നിയമവുമാണ്. വിവരാവകാശ നിയമമെന്ന് വ്യക്തമായി അറിയുന്നയാളാണ് ഞാൻ. എന്റെ അരികിൽ വരുന്ന ഏതൊരു അപേക്ഷകനോടും ആദരവോടെ സംസാരിക്കുവാനും വിനയപൂർവ്വം മറുപടി നൽകാനും, ഞാൻ എന്റെ സേവന കാലയളവിൽ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. എന്റേതല്ലാത്ത വീഴ്ചകൊണ്ട് അപേക്ഷകന് ഉണ്ടായ കഷ്ട നഷ്ടങ്ങ ളിൽ നിർവ്യാജം ക്ഷമ ചോദിക്കുന്നു. മേലിൽ ഇത്തരത്തിൽ അപാകതകൾ വന്നുഭവിക്കാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുന്നതാണ്.

പരാതിയുമായി ബന്ധപ്പെട്ട് ഏതാനും വസ്തുതകൾ നേരിട്ട് ബോധ്യപ്പെടുത്താൻ ഉള്ളതി നാൽ ബഹു. വിവരാവകാശ കമ്മീഷനെ നേരിൽ കാണുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിക്കുന്നു.

വിനയപൂർവ്വം

N. Radhakrishnan

എൻ. രാധാകൃഷ്ണൻ.

വർക്കല

31-3-2017.

ഇ8/16372/14.

141

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
അപ്പലേറ്റ് അതോറിറ്റി,
സാമൂഹ്യനീതി വകുപ്പ്.

സെക്രട്ടറി
സംസ്ഥാന വിവരാവകാശ കമ്മീഷൻ
തിരുവനന്തപുരം - 1

സർ,

വിഷയം: സാനീവ - വിവരാവകാശ നിയമം, 2005 - ടി. പി. പ്രസാദിന്റെ അപേക്ഷ - 04/03/2017ലെ കമ്മീഷൻ ഉത്തരവിന്മേൽ അപേക്ഷ, ക.പ.ചട്ടത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (ശ്രീ) എൻ. [illegible] വിശദീകരണം സംബന്ധിച്ച്

സൂചന: ~~സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ~~ ന

(1) സംസ്ഥാന വിവരാവകാശ കമ്മീഷൻ സെക്രട്ടറിയുടെ
Flag 'A' ← 24/03/2017 ലെ 16085/SIC-Gen4/2014-ാം നമ്പർ
കത്ത്.

(2) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 4/03/2017-ാം
Flag B ← തീയതിയിലെ ഉത്തരവ്.

സൂചനകളിലേക്ക് കമ്മീഷന്റെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന വിവരാവകാശ കമ്മീഷന്റെ

സൂചന രണ്ടിലെ ഉത്തരവിനാൽ അപേക്ഷ,
കാലപ്പട്ടത്തിലെ ബ്ലോക്ക് പബ്ലിക് ഇൻഫർമേഷൻ
ഓഫീസർ പി. എൻ. രാധാകൃഷ്ണൻ, സീനിയർ സൂപ്രണ്ട് സമർപ്പിച്ച
വിശദീകരണം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

17/4

17.4.17.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/
അപ്പീലേറ്റ് അതോറിറ്റി
സാനിവ.

17/4/17